**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2580** **07-07-2022 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ പുരപ്പുറ സൗരോർജ്ജ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ. എസ്. ഇ. ബി. ഉപഭോക്താക്കളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ എത്രയെണ്ണം സ്ഥാപിക്കാനായിട്ടുണ്ട്;അറിയിക്കാമോ; | (എ) | പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. മുഖേന 66 ഉം അനെർട്ട് മുഖേന 6 ഉം സൗര നിലയങ്ങൾ സ്ഥാപിച്ചു. |
| (ബി) | പ്രതിമാസം എത്ര യൂണിറ്റ് വൈദ്യുതി പ്രസ്തുത പദ്ധതിയിലൂടെ ഉല്പാദിപ്പിക്കുന്നുണ്ടെന്ന് അറിയിക്കാമോ; | (ബി) | കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ച നിലയങ്ങളിൽ നിന്നും 30,720 യൂണിറ്റ് വൈദ്യുതിയും അനെർട്ട് സ്ഥാപിച്ച നിലയങ്ങളിൽ നിന്നും 3,000 യൂണിറ്റ് വൈദ്യുതിയും ഉല്പാദിപ്പിക്കുന്നുണ്ട്. |
| (സി) | മണലൂർ മണ്ഡലത്തിൽ നിന്നും ഇതുവരെ ഈ പദ്ധതിയ്ക്കായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ആയതിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | മണലൂർ മണ്ഡലത്തിൽ നിന്നും ഇതുവരെ സൗര പദ്ധതിയിലേക്ക് കെ.എസ്.ഇ.ബി.എൽ-ന് (RTS) 638 അപേക്ഷകളും അനെർട്ടിന് 9 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. ആയതിൽ യഥാക്രമം കെ.എസ്.ഇ.ബി.എൽ. 66 ഉം അനെർട്ട് 6 ഉം അപേക്ഷകളിന്മേൽ സൗര നിലയങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ